**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2417** **12-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം ട്രഷറിയിൽ നിക്ഷേപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 26-05-2011 ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുൻപ് ട്രഷറിയിലോ പോസ്റ്റാഫീസ് സേവിങ്സ് ബാങ്കിലോ സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ ആണ് പ്രാദേശിക സർക്കാരുകൾ തനതു ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. ചില പ്രാദേശിക സർക്കാരുകൾ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഈ ആവശ്യത്തിനായ് തുറന്നിരുന്നു. ഒന്നിലധികം സഹകരണ/ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് 2011 -ലെ ടി സർക്കുലർ പുറപ്പെടുവിച്ചത്. തനതു ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കരുത് എന്ന നിർദ്ദേശമൊന്നും അന്ന് നൽകിയിരുന്നില്ല. കൂടാതെ 1996 -ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്കിലോ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്. എന്നാൽ, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ വികസനഫണ്ട്, സംരക്ഷണഫണ്ട്, പൊതുആവശ്യ ഫണ്ട് എന്നിവ ട്രഷറി വഴിയാണ് സഞ്ചിതനിധിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | മാറിയെടുക്കുന്നത്. അതായത്, പ്രാദേശിക സർക്കാരുകളുടെ പണമിടപാടുകളുടെ മുഖ്യ പങ്കും ഇതിനകം തന്നെ ട്രഷറി വഴിയാണ് നടത്തിവരുന്നത്. പൊതുആവശ്യഫണ്ട് തനതു ഫണ്ടിനു തുല്യമായിട്ടാണ് കണക്കാക്കുന്നത്. ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. പ്രാദേശിക സർക്കാരുകളുടെ ടി.എസ്.ബി അക്കൗണ്ടുകൾക്ക് വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അത് കൊണ്ട് തന്നെ പ്രാദേശിക സർക്കാരുൾക്ക് അവരുടെ ആവശ്യാനുസരണം ടി അക്കൗണ്ടുകളിൽ നിന്നും ഫണ്ടുകൾ പിൻവലിക്കാൻ കഴിയും. ഇതേ മാതൃകയിൽ തന്നെയാണ് തനതു ഫണ്ടുകളും ട്രഷറിയിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് പകരം സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നിക്ഷേപങ്ങൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ആയതിനാൽ അവരുടെ തനതു ഫണ്ടും സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും ഉചിതം. കൂടാതെ ചിലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഈ തീരുമാനം കൂടുതൽ അഭികാമ്യമായിരിക്കും. ഈ സാഹചര്യത്തിലാണ് പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് 01-04-2022 മുതൽ സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-09-2021 ന് 80/2021/ധന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | മേൽപ്പറഞ്ഞ നടപടി പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം കവർന്നെടുക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (സി) | ഇപ്രകാരം നിക്ഷേപിക്കുന്ന തുക ട്രഷറികളിൽ നിന്നും പിൻവലിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രാദേശിക സർക്കാരുകളുടെ ടി.എസ്.ബി അക്കൗണ്ടുകൾക്ക് വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ലയെന്ന് 18-09-2021 ന് പുറപ്പെടുവിച്ച 80/2021/ധന സർക്കുലറിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട് . അത് കൊണ്ട് തന്നെ പ്രാദേശിക സർക്കാരുൾക്ക് അവരുടെ ആവശ്യാനുസരണം ടി അക്കൗണ്ടുകളിൽ നിന്നും ഫണ്ടുകൾ പിൻവലിക്കാൻ കഴിയുന്നതാണ് . |

സെക്ഷൻ ഓഫീസർ